ഡോ. കെ. ജി. അടിയോടി : പ്രോജക്ട് അഡ്വൈസറി കമ്മിറ്റി വിളിച്ചിട്ടില്ല. അഡ്വൈസറി കമ്മിറ്റിയിൽ ഒരു തീരുമാനം ഉണ്ടാക്കിയതായി പറയുന്നുണ്ടെങ്കിൽ അത് തെറ്റാണ്. പെരിയാർ വാലിയിൽ തക്കസമയത്ത് ജോലി ചെയ്യാനുള്ള സ്റ്റാഫിനെ അനുവദിച്ചിട്ടുണ്ട്. ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ഓരോ മാസത്തിലും ഉദ്യോഗസ്ഥൻമാരുടെ പരിശോധനയും അതിന്റെയടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. സ്റ്റാഫ് ഇല്ലെന്നുപറയുന്നത് സർവ്വീസ് സംഘടനകൾക്കുവേണ്ടി പൊതുവേ രാഷ്ട്രീയ നേതാക്കൻമാർ നടത്തുന്ന ഒരു പ്രവണതയായി മാറുന്നത് തെറ്റാണെന്നുള്ള അഭിപ്രായമാണ് ഗവൺമെൻറിനുള്ളത്.

ഹോമിയോപ്പതി പരീക്ഷാബോർഡ് പുനഃസംഘടിപ്പിക്കാൻ നിർദ്ദേശം

* 64. [91] ശ്രീ. പി. വി. എസ്. മുസ്തഫാ പൂക്കോയ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1973 ഒക്ടോബറിൽ മൂന്നുവർഷക്കാലത്തേക്ക് രൂപീകരിക്കപ്പെട്ട ഹോമിയോപ്പതി പരീക്ഷാബോർഡ് പുനഃസംഘടിപ്പിക്കാനുദ്ദേശമുണ്ടോ;

(ബി) ഹോമിയോപ്പതി പരീക്ഷാബോർഡ് പുനഃസംഘടിപ്പിക്കുമ്പോൾ, കേരളത്തിലെ മൂന്നു പ്രൈവറ്റ് ഹോമിയോ കോളേജുകളിലെ പ്രിൻസിപ്പൽമാർക്കും അദ്ധ്യാപകർക്കും മുൻതൂക്കം നൽകിക്കൊണ്ടുള്ള ഇന്നത്തെ അപരിഷ്കൃതരീതി മാറ്റി ആയുർവ്വേദ ഡിസ്പ്പൻസറി കോഴ്സിനുള്ള പരീക്ഷാബോർഡിന്റെ മാതൃകയിൽ ഗവൺമെൻറ് ഹോമിയോ കോളേജ് പ്രിൻസിപ്പൽ അദ്ധ്യക്ഷനായുള്ള ഒരു ബോർഡിന് രൂപം നൽകുമോ?

ആരോഗ്യമന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ) :

(എ) നിലവിലുള്ള പരീക്ഷാ ബോർഡിന്റെ കാലാവധി അഞ്ചു വർഷത്തേക്കാണ്. ആ കാലാവധി തീർന്നിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. പി. വി. എസ്. മുസ്തഫാ പൂക്കോയ തങ്ങൾ : ഈ ബോർഡിന്റെ കാലാവധി തീരുന്നതോടെങ്കിലും ഇപ്പോഴത്തെ രൂപീകരിച്ച ബോർഡ് മാറ്റി ഗവൺമെൻറ് ഹോമിയോ കോളേജ് പ്രിൻസിപ്പൽ അദ്ധ്യക്ഷനായുള്ള ഒരു ബോർഡ് രൂപീകരിക്കുമോ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ : ഈ ചോദ്യത്തിൽ പറയുന്നതുപോലെ സ്വകാര്യ കോളേജിലെ പ്രതിനിധികളാണ് ഭൂരിപക്ഷം എന്ന് പറയുന്നത് ശരിയല്ല. നിലവിലുള്ള എക്സാമിനേഷൻ ബോർഡിൽ സ്വകാര്യ കോളേജിലെ പ്രതിനിധികളായി രണ്ടു പേർ മാത്രമേ ഉള്ളൂ.

പഞ്ചായത്തു മെമ്പറൻമാർക്ക് പെൻഷൻ അനുവദിക്കാൻ നിവേദനങ്ങൾ

* 65. [92] ശ്രീ. പി. ബി. ആർ. പിള്ള :
,, പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ മന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു മെമ്പറൻമാർക്ക് പെൻഷൻ അനുവദിക്കണമെന്ന് കാണിച്ച് ഗവൺമെൻറിന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഏത്ര പഞ്ചായത്തുകൾ പെൻഷൻ നൽകണമെന്ന് കാണിച്ച് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly